# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2098 06.10.2016 ൽ മറുപടിക്ക്**

**പ്രതീക്ഷ ബസ് ഷെൽട്ടേർസ് കേരള ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. കെ. സി. മമ്മത് കോയ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) പി.ഡബ്ള്യൂ. ഡി റോഡരികുകളിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷ ബസ് ഷെൽട്ടേർസ് കേരള ലിമിറ്റഡ് എന്ന പേരിൽ സിയാൽ മോഡൽ കമ്പനിക്ക് കുത്തകാധികാരം നൽകിക്കൊണ്ട് കഴിഞ്ഞ യു. ഡി. എഫ്. സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) 19/.2013/ പി.ഡബ്ളിയു.ഡി. തീയതി 27.02.2013 എന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഇതു കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ സന്നദ്ധ സംഘടന കൾക്കോ പൊതുജനങ്ങൾക്ക് ഉപകാര പ്പെടുന്ന തരത്തിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്ക മോ?

എ) & ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ SPV യായി പൊതുയാത്രാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി PPP Model ലും കൂടാതെ എം എൽ എ / എം പി ഫണ്ട് ഉപയോഗിച്ചും ആധുനിക ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി 2013-ാം വർഷം മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. കൊച്ചി ഇന്റർനാഷണൽ എയർ പോർട്ട് മോഡലിൽ സർക്കാർ ബഡ്ജറ്റ് സഹായമില്ലാതെ തന്നെ പരസ്യത്തിലൂടെ വരുമാനം നേടത്തക്കവിധത്തിലാണ് ഇതിന്റെ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ വശങ്ങളിൽ അനധികൃതമായി ബസ് ഷെൽട്ടറുകൾ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ പോലും പൊതുമരാമത്ത് വകുപ്പിന്റെ അറിവോ അനുവാദമോ ഇല്ലാതെ നിർമ്മാണം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് GO(Rt)No.

932/2014/PWD dated 03.07.14 പ്രകാരം ഇതിനു ഒരു നിയന്ത്രണം കൊണ്ടുവരാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവ് പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ മാത്രമാണ് ബാധകമായിട്ടുള്ളത്.

ബഹു. എം പി മാർക്കോ എം എൽ എ മാർക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ, സന്നദ്ധ സംഘടനകൾക്കോ, പൊതുജനങ്ങൾക്കോ ഉപകാരപ്രദമായി അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അതിനുള്ള അനുമതി അതാത് ജില്ലയിലെ പൊതുമരാമത്തു വകുപ്പ് നിരത്തുവിഭാഗം പരിശോധിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ